"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 06.08.2025 തീയതിയിലെ 4, 23.08.2025 തീയതിയിലെ 9 എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.641/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 06.08.2025 തീയതിയിലെ 4-ാം നമ്പർ തീരുമാനം.
2. കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 23.08.2025 തീയതിയിലെ 9-ാം നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05-02-2026-ലെ LSGD/PD/27367/2025-AR5 നമ്പർ കത്ത്..

**<u>ഉത്തരവ്</u>**

ശ്രീ.സജി വർഗീസ്, എംആർഎഫ് ലിമിറ്റഡ്, വടവാതൂർ എന്നയാളുടെ പേരിൽ കൊഴുവനാൽ ഗ്രാമപഞ്ചായത്ത് വാർഡ് 1 ൽ 146 നമ്പർ കെട്ടിടത്തിൽ 7.5 കുതിരശക്തിയുള്ള റബ്ബർ ടെസ്റ്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 പ്രകാരമുള്ള അനുമതിക്കായി എംആർഎഫ് പർച്ചേസ് ഡിപ്പോ കെഴുവംകുളം എന്ന സ്ഥാപനത്തിനുവേണ്ടി ശ്രീ.എൽദോ ചാക്കോ, സീനിയർ-മാനേജർ പർച്ചേസ് (എൻ.ആർ ഡൊമസ്റ്റിക്) സമർപ്പിച്ച അപേക്ഷ പരാമർശം 1 തീരുമാന പ്രകാരം നിരസിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു.

2) നിയമാനുസൃതം ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുള്ള വ്യക്തിക്ക് ലൈസൻസ് നിഷേധിക്കുവാൻ സാധിക്കുന്നതല്ല എന്നും, ആകയാൽ അപേക്ഷ നിരസിക്കുന്നത് ചട്ടങ്ങളുടെ ലംഘനമാണെന്നും തീരുമാനം പുനഃപരിശോധിയ്ക്കണമെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ, തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം 2 പ്രകാരം ഭരണസമിതി തീരുമാനിച്ചു. തുടർന്ന്, ടി വിഷയം സർക്കാരിന്റെ പരിഗണനയ്ക്കായി സെക്രട്ടറി സമർപ്പിക്കുകയുണ്ടായി.

3) റബ്ബർ ടെസ്റ്റിംഗ് മെഷീൻ സ്ഥാപനാനുമതി നിഷേധിക്കുന്നതിന് പഞ്ചായത്ത് ഉന്നയിച്ചിട്ടുള്ള കാരണങ്ങൾ നിലനിൽക്കുന്നതല്ല എന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 233(3) പ്രകാരം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ,

എത്രയും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടെയോ വർക്ക് ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമ പഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത്, അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം, കഴിയുന്നതുംവേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണെന്നും ടി സാഹചര്യത്തിൽ, കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 06.08.2025 ലെ 4-ാം നമ്പർ, 23.08.2025 ലെ 9-ാം നമ്പർ തീരുമാനങ്ങൾ ആക്ടിനു വിരുദ്ധമാണെന്നും പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1, 2 തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ട്രൈബ്യൂണൽ ഫോർ ലോക്കൽ ബോഡീസ്, ശ്രീമൂലം ബിൽഡിംഗ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം ( അനുബന്ധ രേഖകൾ സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊഴുവനാൽ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ,ഐ&പിആർഡി/വെബ് &ന്യൂമീഡിയ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി[LSGD-RC3/328/2025-LSGD].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Pradeesh M.
Date: 09-03-2026 14:47:10